## ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : ഡോ. പി.പുകഴേന്തി, ഐ.എഫ്.എസ്.

വിഷയം:- കോവിഡ്-19-രോഗവ്യാപനം തടയുന്നതിനായി - നിയന്ത്രണങ്ങൾ - ലോക്ഡൗൺ ഏർപ്പെടുത്തിയ സാഹചര്യത്തിൽ ഓഫീസ്, ഫീൽഡ് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:

1. സർക്കാരിന്റെ 06.05.2021-ലെ ജി.ഒ(ആർ.റ്റി) 404/2021/ DMD നമ്പർ ഉത്തരവ്.
2. സർക്കാരിന്റെ 03.05.2021-ലെ ജി.ഒ(ആർ.റ്റി) 397/2021/ DMD നമ്പർ ഉത്തരവ്.
3. സർക്കാരിന്റെ 03.05.2021-ലെ ജി.ഒ(ആർ.റ്റി) 394/2021/ DMD നമ്പർ ഉത്തരവ്.
4. സർക്കാരിന്റെ 30.04.2021-ലെ ജി.ഒ(ആർ.റ്റി) 391/2021/ DMD നമ്പർ ഉത്തരവ്.
5. സർക്കാരിന്റെ 26.04.2021-ലെ ജി.ഒ(ആർ.റ്റി) 383/2021/ DMD നമ്പർ ഉത്തരവ്.
6. സർക്കാരിന്റെ 21.04.2021-ലെ ജി.ഒ(ആർ.റ്റി) 383/2021/ DMD നമ്പർ ഉത്തരവ്.
7. സർക്കാരിന്റെ 14.10.2020-ലെ ജി.ഒ(ആർ.റ്റി) 814/2020/ DMD നമ്പർ ഉത്തരവ്.
8. സർക്കാരിന്റെ 02.02.2021-ലെ DMA2/54/2021/DMD നമ്പർ സർക്കുലർ.
9. ഈ ഓഫീസിലെ 06.05.2021-ലെ ഇതേ നമ്പർ ഉത്തരവ്.
10. ഈ ഓഫീസിലെ 04.05.2021-ലെ ഇതേ നമ്പർ ഉത്തരവ്.
11. ഈ ഓഫീസിലെ 28.04.2021-ലെ ഇതേ നമ്പർ ഉത്തരവ്.
12. ഈ ഓഫീസിലെ 22.04.2021-ലെ ഇതേ നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ ഇ6-1768/2020(1) തീയതി: 07-05-2021**

കോവിഡ്-19 രോഗവ്യാപനത്തിന്റെ തോത് ക്രമാതീതമായി വീണ്ടും ഉയരുന്ന സാഹചര്യത്തിൽ കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തികൊണ്ടും 08.05.2021 മുതൽ 16.05.2021 വരെ സംസ്ഥാനത്ത് സമ്പൂർണ്ണ ലോക്ഡൗൺ ഏർപ്പെടുത്തികൊണ്ടും സൂചന (1) ഒന്ന് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിൽ വനംവകുപ്പിനെ അവശ്യസർവ്വീസുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ വനം-വന്യജീവി സംരക്ഷണപ്രവർത്തനങ്ങൾ പൂർണ്ണതോതിലും, ഓഫീസ് പ്രവർത്തനങ്ങൾ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച രീതിയിൽ അത്യാവശ്യ ജീവനക്കാരെ മാത്രം ഉപയോഗിച്ചും നടത്തേണ്ടതുണ്ട്.

ഇത് സംബന്ധിച്ച് താഴെപ്പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. വനസംരക്ഷണ പ്രവർത്തനങ്ങളിൽ (കാട്ടുതീ പ്രതിരോധം, വനസംരക്ഷണം, വന്യജീവി സംരക്ഷണം, മനുഷ്യ-വന്യജീവി സംഘർഷം, നിയമം നടപ്പിലാക്കൽ, നഴ്സറി പരിപാലനം, പട്രോളിംഗ്, സൂ പരിപാലനം തുടങ്ങിയവ) ഏർപ്പെട്ടിരിക്കുന്ന സംരക്ഷണവിഭാഗം ജീവനക്കാർ ജോലിയിൽ തുടരേണ്ടതാണ്. എന്നാൽ, നിലവിൽ കേരളത്തിൽ 150-ൽ അധികം വനംവകുപ്പ് ഫീൽഡ് ജീവനക്കാർ കോവിഡ് പോസിറ്റീവ് ആണെന്ന് മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ ജീവനക്കാരുടെയും കുടുംബാംഗങ്ങളുടെയും ആരോഗ്യസുരക്ഷ ഉറപ്പുവരുത്തേണ്ടതും, ഒപ്പം വനസംരക്ഷണ പ്രവർത്തനങ്ങൾ കോട്ടം വരാതെ നോക്കേണ്ടതും അത്യാവശ്യമാണ്.

   ഈ സാഹചര്യത്തിൽ മുഴുവൻ ഫീൽഡ് ജീവനക്കാരെയും ഒരേ സമയം ഡ്യൂട്ടിക്ക് നിയോഗിക്കാതെ, സ്റ്റേഷനുകളിലും, സെക്ഷനുകളിലും, മറ്റ് ഫീൽഡ് വിഭാഗങ്ങളിലും ലഭ്യമായ സൗകര്യങ്ങളും, ഡ്യൂട്ടിയുടെ അനിവാര്യതയും പരിഗണിച്ച് ആവശ്യം വേണ്ട ജീവനക്കാരെ മാത്രം റൊട്ടേഷൻ അനുസരിച്ച് നിയോഗിച്ച് വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾ ഭംഗിയായി നിർവ്വഹിക്കേണ്ടതാണ്. ഇതിനാവശ്യമായ ക്രമീകരണങ്ങൾ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും / വൈൽഡ്ലൈഫ് വാർഡൻമാരും / അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരും, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും / ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും സ്വീകരിക്കേണ്ടതാണ്.

2. സംസ്ഥാനത്തെ വനം-വന്യജീവി വകുപ്പിന്റെ ഓഫീസുകൾ വളരെ അത്യാവശ്യംവേണ്ട ജീവനക്കാരെ മാത്രം അനുവദിച്ച് മെയ് 10 മുതൽ 14 വരെയുള്ള തീയതികളിൽ (മെയ് 13 ഒഴികെ) പ്രവർത്തിപ്പിക്കേണ്ടതാണ്.

3. പൊതു-സ്വകാര്യ ഗതാഗതസംവിധാനങ്ങൾ ലഭ്യമല്ലാത്തതിനാൽ ഇപ്രകാരം ഓഫീസ് ഡ്യൂട്ടി നിശ്ചയിക്കുമ്പോൾ അന്യജില്ലയിൽ താമസിക്കുന്നവരെ പൂർണ്ണമായും, ഓഫീസിൽ എത്തിച്ചേരാൻ ബുദ്ധിമുട്ടുള്ളവരെ പരമാവധിയും ലോക്ഡൗൺ നിലനിൽക്കുന്ന ദിവസങ്ങളിൽ ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.

4. ഒപ്പം സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 04.05.2021-ലെ ഇതേ നമ്പർ ഉത്തരവിൽ (സൂചന 10) നിർദ്ദേശിച്ച പ്രകാരമുള്ള ഫീൽഡ് വിഭാഗം ഉൾപ്പെടെയുള്ള ജീവനക്കാരെയും ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.

5. ഫീൽഡ് വിഭാഗം ജീവനക്കാരെ ഡ്യൂട്ടിക്ക് നിയോഗിക്കുമ്പോഴും അവർ ജോലിക്ക് ഹാജരാകുമ്പോഴും ഈ ഓഫീസിലെ 06.05.2021-ലെ ഇതേ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

6. ഫീൽഡ് വിഭാഗം ജീവനക്കാർ ഉൾപ്പെടെ ഉള്ളവർക്ക് കോവിഡ് മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് സുരക്ഷിതമായി ജോലിനോക്കുന്നതിന് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും (മാനദണ്ഡ പ്രകാരമുള്ള മാസ്കുകൾ, ഹാൻഡ് സാനിറ്റൈസർ, ഹാൻഡ് വാഷ് എന്നിവയുടെ ലഭ്യത അടക്കം) അതാത് ഓഫീസ് / ഡിവിഷൻ മേധാവികൾ കൃത്യമായി ഒരുക്കേണ്ടതാണ്.

7. എല്ലാ ഫീൽഡ് - ഓഫീസ് ജീവനക്കാരും പ്രവർത്തി ദിവസങ്ങളിൽ ടെലഫോൺ / മൊബൈൽ ഫോണിൽ ലഭ്യമാകേണ്ടതാണ്.

വനംവകുപ്പ് ആസ്ഥാനത്തെ മറ്റ് ഓഫീസുകളിലും, വനംവകുപ്പിന്റെ സംസ്ഥാനത്തെ മറ്റ് ഓഫീസുകളിലും, ടി ദിവസങ്ങളിൽ മേൽപ്പറഞ്ഞ നിബന്ധനകൾ പാലിച്ചുകൊണ്ട് അത്യാവശ്യം ഹാജരാകേണ്ട ജീവനക്കാരെ സംബന്ധിച്ച നിർദ്ദേശം മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അതാത് ഓഫീസ് മേധാവികൾ ഉത്തരവായി പുറപ്പെടുവിക്കേണ്ടതാണ്.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം)

To

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന് അറിവിലേയ്ക്കായി നൽകുന്നു.

പകർപ്പ്:- പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്) & ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ/പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)/പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്)/പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (പ്ലാനിംഗ് & ഡെവലപ്പ്മെന്റ്) എന്നിവർക്ക് അറിവിനും തുടർനടപടികൾക്കുമായി നൽകുന്നു.

എല്ലാ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും / ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും / ഫീൽഡ് ഡയറക്ടർമാർക്കും ഫോറസ്റ്റ് കൺസർവേറ്റർമാർക്കും തുടർനടപടികൾക്കായി നൽകുന്നു.

എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ/വൈൽഡ് ലൈഫ് വാർഡൻ / ഡെപ്യൂട്ടി ഡയറക്ടർ (പെരിയാർ ഈസ്റ്റ് / പെരിയാർ വെസ്റ്റ്)/ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ / അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ / വർക്കിംഗ് പ്ലാൻ ഓഫീസർ എന്നിവർക്ക് അടിയന്തര നടപടികൾക്കായി നൽകുന്നു.

ലോക്ഡൗൺ നിലനിൽക്കുന്ന തുടർ ദിവസങ്ങളിൽ താങ്കളുടെ ഓഫീസിൽ അത്യാവശ്യം വേണ്ട ജീവനക്കാർ ഹാജരാകുന്നത് സംബന്ധിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ഓഫീസിലെ എല്ലാ വിഭാഗം ജീവനക്കാരെയും ഈ നിർദ്ദേശങ്ങൾ ബോധ്യപ്പെടുത്തേണ്ടതും, ഈ നിർദ്ദേശങ്ങൾ അവർ കൃത്യമായി പാലിക്കുന്നുണ്ട് എന്ന കാര്യം ഉറപ്പ് വരുത്തേണ്ടതുമാണ്.

വനംവകുപ്പ് ആസ്ഥാനത്തെ എല്ലാ ബ്രാഞ്ച് ഓഫീസർമാർക്കും, സെക്ഷൻ സൂപ്രണ്ടുമാർക്കും അടിയന്തര നടപടികൾക്കായി നൽകുന്നു. താങ്കളുടെ ഓഫീസിലെ/സെക്ഷനിലെ എല്ലാ വിഭാഗം ജീവനക്കാരെയും ഈ നിർദ്ദേശങ്ങൾ ബോധ്യപ്പെടുത്തേണ്ടതാണ്.